(സി) വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും മറ്റും കാലാകാലങ്ങളിലെ ജീവിതനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള ഡോ. ബാബു വിജയനാഥ് ഏകാംഗ കമ്മീഷൻ റിപ്പോർട്ട് പ്രകാരം വർദ്ധിപ്പിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 1999-2000 വർഷം ഇതിനുവേണ്ടി 4637 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

(സി) വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും മറ്റും കാലാകാലങ്ങളിലെ ജീവിത നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നുണ്ട്.

13 (2391) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഐ.ടി.ഐ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാങ്കേതിക വിദ്യാഭ്യാസത്തിന് സഹായകരമായി ഡിപ്പാർട്ട്മെന്റ് ഉടമസ്ഥതയിൽ എത്ര ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിലൂടെ ഏതെല്ലാം തൊഴിലുകളാണ് പരിശീലിപ്പിക്കുന്നത്;

(സി) ഇവിടെ പരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.ടി.ഐ.കൾ ഒന്നും പ്രവർത്തിക്കുന്നില്ല, പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ 41 ഐ.ടി.സി.കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 1 ഐ.ടി.സി.യും പ്രവർത്തിക്കുന്നു.

(ബി) പ്ലമ്പർ, കാർപ്പന്റർ, കട്ടിംഗ് ആന്റ് ടെയിലറിംഗ്, ഇലക്ട്രീഷൻ, ഇലക്ട്രോണിക് മെക്കാനിക്ക്, ഡ്രാഫ്റ്റ്മാൻ സിവിൽ, പെയിന്റർ(ജനറൽ), മെക്കാനിക്-റേഡിയോ ആന്റ് ടെലിവിഷൻ, മെക്കാനിക്-മോട്ടോർ വെഹിക്കിൾ, വെൽഡർ തുടങ്ങിയ വിഭാഗങ്ങളിൽ തൊഴിൽ പരിശീലനം നൽകുന്നുണ്ട്. ഈ വർഷം മുതൽ സർവേയർ ട്രയ്ഡിൽ കൂടി പരിശീലനം നൽകുന്നതാണ്.

(സി) പരിശോധിച്ചുവരുന്നു.

14 (2392) ട്രൈബൽ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly